പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1409 14.06.2013-ൽ മറുപടിയ്ക്ക്

## അറവുശാലകളുടെ നവീകരണം

| ചോദ്യം<br><br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>ശ്രീ. മഞ്ഞളാംകുഴി അലി<br>( നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നിലവിലുള്ള അറവുശാലകൾ നവീകരിക്കുന്നതും നവീന അറവുശാലകൾ സ്ഥാപിക്കുന്നതും സംബന്ധിച്ച നയം വ്യക്തമാക്കുമോ ; | (എ) | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒരു ശുചിത്വ പദ്ധതി തയ്യാറാക്കണമെന്നും അതിൽ വൃത്തിയും വെടിപ്പുമുള്ള അറവുശാലകൾ സ്ഥാപിക്കണമെന്നും 11-)ം പദ്ധതിയുടെ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ടായിരുന്നു. നഗരസഭകളുടെയും പഞ്ചായത്തുകളുടെയും ആവശ്യങ്ങൾക്കുതകുന്ന തരത്തിലുള്ള ചെറുതും വലുതുമായ അറവുശാലകൾ സ്ഥാപിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിന് ശുചിത്വ മിഷനെ നോഡൽ ഏജൻസിയായി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മുനിസിപ്പൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾ സർക്കാർ രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതി പരിശോധിച്ച് സാങ്കേതികാനുമതി നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | ഇതിനായി മുനിസിപ്പൽ കോർപ്പറേഷനുകൾക്കും മുനിലിപ്പാലിറ്റികൾക്കുമുള്ള സാമ്പത്തിക സഹായം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ; | (ബി) & (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ഇക്കാര്യത്തിൽ കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ ; | | |

(. . . .2)

| | | | |
|---|---|---|---|
| (ഡി) | ഇപ്പോഴും അശാസ്ത്രീയമായും ശുചിത്വമില്ലാതെയും കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ സ്വകാര്യ അറവുശാലകൾ പ്രവർത്തിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ അവർക്ക് ഇക്കാര്യത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | | | |

സെക്ഷൻ ഓഫീസർ